## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3050** **07-10-2025 - ൽ മറുപടിയ്ക്ക്**

## ആലപ്പുഴ മണ്ഡലത്തിലെ വിവിധ മിഷനുകളും പദ്ധതികളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ മണ്ഡലത്തിൽ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ മണ്ഡലത്തിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും ഉൾപ്പടെ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളും നിലവിൽ പൂർത്തീകരിക്കാൻ ഉള്ള പ്രവൃത്തികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ മണ്ഡലത്തിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും ഉൾപ്പടെ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളും നിലവിൽ പൂർത്തീകരിക്കാൻ ഉള്ള പ്രവൃത്തികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; നിലവിൽ പൂർത്തീകരിക്കാൻ ഉള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ? | (സി) | ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ മണ്ഡലത്തിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും ഉൾപ്പടെ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളും നിലവിൽ പൂർത്തീകരിക്കാൻ ഉള്ള പ്രവൃത്തികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ജലസേചനവും ഭരണവും

മേജർ ഇറിഗേഷൻ പ്രവർത്തികൾ

| Sl. No. | Name of Work | Amount (in Lakhs) | Status | Fund |
|---|---|---|---|---|
| | **നടപ്പിലാക്കിയ പ്രവൃത്തികൾ** | | | |
| 1 | BUDGET 2018-19-Protecting the sides and Raising the bund at Girirajanchira,Pannakkachiraedachira,Purathechira in Nehru Trophy ward in Alappuzha Muncipality. | 800 | Completed | Budget |
| 3 | GENERAL-Budget work –Kochimganam-Providing Drainage Facilities by Constructing Cut and Cover in Kochimganamparambu\| road in Canal ward in Alappuzha Municipality in Alappuzha LA Constituency.-General Civil Work-2- | 222 | Completed | Budget |
| 4 | GENERAL-General-Protection works in eastern bank in murinjappuzhathodu in Alappuzha municipality in Alappuzha LA Constituency -General Civil Work | 33 | Completed | Non plan |
| 5 | GENERAL-ASE-GEO Bag Supply - 2025-Supplying polypropelenenon woven Geo textile bag (PET) for 300gsm of size 2m*1m and 0.35m for filling sand as per standard specifications to Punnapra South GramaPanchayath and AryaadGramaPanchayath -General Civil Work | 8.1 | Completed | 2025 26 pre monsoon |
| 6 | SDRF-Urgent repairs to the existing damaged retaining wall on the east bank of Ambalappuzha canal towards north of Gandhivilasam bridge in Pallathuruthy ward in Alappuzha Muncipality in Alappuzha LA Constituency | 10 | Completed | SDRF |
| 7 | Budget work - 2021-22 - Renovation of ThambakachuvaduParavakkal Naga kshethra pond in MannancheryPanchayath in Alappuzha LAC. | 31 | Completed | Budget |
| | **പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ** | | | |

| | | | | |
|---|---|---|---|---|
| 1 | GENERAL-Protection works -Protection works of Cheriyapozhy, Phase-1 in Mararikkulam South Panchayath in Alappuzha LAC-General Civil Work | 25 | Site Handed Over | NON plan |
| 2 | GENERAL-Mararikulam South Panchayath-Improvements and Protection works in Odapozhi, and Theeyyasseri in Mararikkulam South Panchayath and ArayadPanchayth in Alappuzha LAC.-General Civil Work | 500 | Selection Notice issued to Contractor | Budget |
| 3 | GENERAL-Protection work-Protection work on west bank of Vembanadukayal near Little flower church in AryadPanchayth in Alappuzha LA Constituency-General Civil Work | 16.48 | AS approved | Non plan |

ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാകുവാനായി ചുവടെ ചേർക്കുന്ന പ്രവർത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്

**മേജർ ഇറിഗേഷൻ പ്രവർത്തികൾ**

| SL No | Work Name | Amount (in Lakhs) |
|---|---|---|
| 1 | GENERAL-Protection works - Protection works in Madayan thodu in Aryard Panchayath in Alappuzha LAC-General Civil Work | 1000 |
| 2 | GENERAL-Protection works -Protection works of Cheriya pozhy, Mararikkulam South Panchayath in Alappuzha LAC-General Civil Work | 300 |
| 3 | ASE Works-ASE protection work at Thumpoly in Aryad Grama panchayath of Alappuzha LAC.-General Civil Works | 100 |

**മൈനർ ഇറിഗേഷൻ പ്രവർത്തികൾ**

| SL No | Work Name | Amount (in Lakhs) |
|---|---|---|
| 1 | GENERAL-Panthankurishu-Kaniapuram Thodu-2025-Protection works of PanthankurishuKaniapuramthodu in Alappuzha Municipality-General Civil Work | 31 |
| 2 | GENERAL-Karipozhi-2025-Side Protection Works of Karipozhi Branch Thodu in Mararikkulam South | 12.8 |

| | | |
|---|---|---|
| | Panchayath-General Civil Work | |
| 3 | Improvement works of Kallathodu in Muhammapanchayath | 60 |
| 4 | Renovation & Desilting of Rani thodu in Alappuzha | 40 |
| 5 | GENERAL-Thamarappally-2025-Improvement works of Mararikulam Thamarappally Thodu in Mararikulam North Panchayath.-General Civil Work | 9 |
| 6 | GENERAL-MADAYAMTHODU-KUNNELPADAM THODU-Side protection works to Madayamthodu-Kunnelpadam Thodu in ward no: 12 of Mannanchery Gramapanchayath in Alappuzha LAC-General Civil Work | 50 |
| 7 | GENERAL-MADAYAMTHODU-KOOLIPURAKKAL THODU-Side protection works to Madayamthodu-Koolipurakkal Thodu in ward no: 10 of Mannanchery Gramapanchayath in Alappuzha LAC-General Civil Work | 50 |

**കേരള വാട്ടർ അതോറിറ്റി**

**അമൃത് പദ്ധതി**

ടി പദ്ധതിയിൽ ഉൾപ്പെടുത്തി 33.9 കോടിയുടെ ഭരണാനുമതി ലഭിച്ച കൊമ്മാടി (21 ലക്ഷം ലിറ്റർ), തത്തംപള്ളി (12 ലക്ഷം ലിറ്റർ), പഴവങ്ങാടി (10 ലക്ഷം ലിറ്റർ) എന്നീ ജലസംഭരണികളുടെ നിർമ്മാണം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ വിവിധ വാർഡുകളിലേയ്ക്കുള്ള കുടിവെള്ള വിതരണം സുഗമമായി നടന്നു വരുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ളം എത്തിക്കുന്നതിനായി അമൃത് പദ്ധതി മുഖേന 11000 കണക്ഷനുകൾ നൽകുന്ന മൂന്ന് പ്രവർത്തികളിലായി 9296 കണക്ഷനുകളും നൽകിയിട്ടുണ്ട്. കൂടാതെ 33 കി.മീ. ദൈർഘ്യത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. ശേഷിക്കുന്ന പ്രവൃത്തികൾ 2025 ഡിസംബർ മാസത്തോട്ടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കിഫ്ബി പദ്ധതി**

ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണവും, നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 211.71 കോടി രൂപയുടെ ഭരണാനുമതി ആദ്യം നൽകുകയും പുതുക്കിയ ഭരണാനുമതി പ്രകാരം 299. 311 കോടി രൂപ ലഭിച്ചു.

ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ 7 ഉന്നതതല ജലസംഭരണികളും, 2.8 കി.മി (മാരാരിക്കുളം തെക്ക്), 6.5 കി.മി (മണ്ണഞ്ചേരി), 0.62 കി.മി (ആര്യാട്) (ട്രാൻസിഷൻ മെയിനും. 580 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിയിൽ നിലവിൽ 9 പാക്കേജുകളാണ് ഉള്ളത്. ഇതിൽ 6 പാക്കേജുകളാണ് ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്നത്. ഭരണാനുമതി തുകയിൽ 214.6 കോടി രൂപയുടെ പ്രവർത്തികളാണ് ആലപ്പുഴ നിയോജക മണ്ഡലത്തിൽ നടന്നുവരുന്നത്. പദ്ധതിയുടെ പൂർത്തീകരണത്തോടെ 374618 ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പാക്കേജ് 1**- ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 LL സംഭരണശേഷിയുള്ള OHSR, 5 LL സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, വടികാട് ഭാഗത്ത് 16 LL സംഭരണശേഷിയുള്ള OHSR, 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ (കാട്ടൂർ) 12 LL സംഭരണശേഷിയുള്ള OHSR, 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ഇതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (2.6 കി.മീ.) ഉം അനുബന്ധ മോട്ടോറുകളും പമ്പുകളും കൂടാതെ ഓപ്പറേറ്റർമാർക്കുള്ള ക്വാർട്ടേഴ്സും കലവൂർ സർവ്വോദയപുരം ഭാഗത്തെ റെയിൽവേ ക്രോസ്സിംഗും ഈ പാക്കേജിൽ ഉൾപ്പെടുന്നു. പ്രവർത്തി 96% പൂർത്തീകരിച്ചു. റയിൽവേ ക്രോസ്സിംഗിന് 02.04.2024 ന് അനുമതി ലഭിച്ചു. പ്രവർത്തി നടത്തുന്നതിനു വേണ്ട caution sanction റയിൽവേയിൽ നിന്ന് ലഭ്യമായിട്ടില്ല. വടികാട്, ചാത്തനാട് ജലസംഭരണികൾ നിലവിലെ വിതരണ ശൃംഖലയിലേക്ക് ഇൻ്റർ കണക്ട് ചെയ്ത് കമ്മീഷൻ ചെയ്തു. ഉദ്ഘാടനം 29.10.2024-ൽ നിർവ്വഹിച്ചു. കാട്ടൂർ ജലസംഭരണിയിലേക്ക് പവർ കണക്ഷൻ ലഭ്യമാക്കി ലൈൻ ചാർജ്ജ് ചെയ്ത് നിലവിലെ ജലവിതരണ ശൃംഖലയിലേയ്ക്ക് ഇൻ്റർ കണക്ട് ചെയ്ത് കമ്മീഷൻ ചെയ്തു. ഉദ്ഘാടനം 03.02.2025-ൽ നിർവ്വഹിച്ചു. ഈ പ്രവൃത്തി പൂർണ്ണമാകുന്നതിന് കിഫ്ബി പാക്കേജ് - 5 - ൽ ഉൾപ്പെടുത്തി ജലവിതരണ ശൃംഖല പ്രാവർത്തികമാകുന്നതോടെ സാധ്യമാകുന്നതാണ്.

**പാക്കേജ് 2 – 100%** പൂർത്തിയായി

**പാക്കേജ് 3** - മണ്ണഞ്ചേരി പഞ്ചായത്തിൽ 12 LL സംഭരണശേഷിയുള്ള OHSR ഉം 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ഇവയിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും (6.5 കി.മി), അനുബന്ധ മോട്ടോറുകളും പമ്പുകളും 103 കി.മി ശൃംഖലകളുടെ വിപുലീകരണവും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരവധി തവണ റീ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവർത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്തു. ഒരു ഓഫർ മാത്രം ലഭ്യമായതിനാൽ റീ ടെണ്ടർ ചെയ്തു. ഇതിൽ 2 ഓഫർ ലഭ്യമായിട്ടുണ്ട്. പ്രൈസ് ബിഡ് 15.01.2025 - ൽ തുറന്നു. ടെണ്ടർ അനുമതി ലഭിച്ചു. 21.02.2025 - ൽ M/s. ULCCS ന് പ്രവർത്തി ഉത്തരവ് നൽകി. 03.03.2025 - ൽ കരാർ വച്ചു. 03.06.2025-ൽ നിർമ്മാണോത്ഘാടനം നടത്തി. നിലവിൽ പ്രവർത്തി പ്രാരംഭ ഘട്ടത്തിലാണ്.

**പാക്കേജ് 4** - ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കൊമ്മാടി ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 1 ലേക്കുള്ള വിതരണ ശൃംഖലയും, റെയിൽവേ ക്രോസ്സിംഗും (2 Nos. മംഗലം, മാളികമുക്ക്) ഈ പാക്കേജിൽ ഉൾപ്പെടുന്നു. നിരവധി തവണ റീ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവർത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും 30.08.2024 അവസാന തീയതിയായി പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇതിൽ ഓഫർ ലഭ്യമായിട്ടുണ്ട്. പ്രീക്വാളിഫിക്കേഷൻ നടപടികൾ ചീഫ് എഞ്ചിനീയർ ഓഫീസിൽ പൂർത്തിയാക്കി. ടെണ്ടർ

അനുമതി ലഭിച്ചു. M/s. ULCCS ന് പ്രവൃത്തി ഉത്തരവ് 04.02.2025 - ൽ നൽകി. 24.02.2025 - ൽ കരാർ വച്ചു. ആകെ 93.72 കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ 160 എം.എം. പി.വി.സി. 1010.5 മീറ്ററും 110 എം.എം. പി.വി.സി. പൈപ്പ് 346.8 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്.

**പാക്കേജ് 5** - മാരാരിക്കുളം തെക്ക് വിതരണ ശൃംഖലയുടെ (101 കി.മീ.) നവീകരണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിരവധി തവണ റീ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവർത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും 30.08.2024 അവസാന തീയതിയായി പുനർദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇതിൽ 4 ഓഫർ ലഭ്യമായതിൽ ടെണ്ടർ നടപടികൾക്ക് ശേഷം M/s. ULCCS ന് പ്രവൃത്തി ഉത്തരവ് 14.01.2025 - ൽ നൽകി. 24.01.2025 - ൽ കരാർ വച്ചു.

**പാക്കേജ് 6** - ആര്യാട് പഞ്ചായത്തിൽ 9LL സംഭരണശേഷിയുള്ള ജലസംഭരണിയും 19 കി. മി. വിതരണ ശൃംഖലയും 620 മി. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുമാണ് ഈ പ്രവർത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിനു  ദർഘാസ് അംഗീകരിക്കുന്നതിനായി ഉത്തരവായിരുന്നു. ടി പ്രവർത്തി നടപ്പാക്കുന്നതിനായി ഓംധാർ എൻജിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡിന് എഗ്രിമെന്റ് വയ്ക്കുന്നതിനായി 10.06.2024-ൽ വർക്ക് ഓർഡർ നൽകി. 12.03.2025-ൽ കരാർ വച്ചു. സൈറ്റ് ക്ളിയറൻസ് പൂർത്തീകരിച്ചു. ടെസ്റ്റ് പൈലും ലോഡ് ടെസ്റ്റും പൂർത്തീകരിച്ചു. വർക്കിംഗ് പൈൽ 6 എണ്ണം പൂർത്തീകരിച്ചു. പൈപ്പ് ലൈൻ പ്രവർത്തി 29.09.2025 - ൽ ആരംഭിച്ചിട്ടുണ്ട്.

**പാക്കേജ് 7** - ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചാത്തനാട് ഉന്നതതല ജലസംഭരണിയിൽ നിന്നും സോൺ 2 ലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തിയാണ് ഈ പാക്കേജിൽ ഉൾപ്പെടുന്നത്. നിരവധി തവണ റീ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവർത്തി ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് 30.08.2024 അവസാന തീയതിയായി പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇതിൽ 3 ഓഫർ ലഭ്യമായി. M/s. ULCCS ന് പ്രവൃത്തി ഉത്തരവ് 24.04.2025 ൽ നൽകി. 03.05.2025 - ൽ കരാർ വച്ചു.

**ജൽ ജീവൻ മിഷൻ പദ്ധതി**

ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം നോർത്ത്, മാരാരിക്കുളം തെക്ക് എന്നീ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രവൃത്തികൾ നടന്നിട്ടുണ്ട്. ആര്യാട് പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തിയിൽ 2456 കണക്ഷനുകൾ നൽകിയിട്ടുണ്ട്. മണ്ണഞ്ചേരി പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തിയിൽ 9750 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ആയത് 2021 ഒക്ടോബർ മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. മാരാരിക്കുളം നോർത്ത് പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയിൽ 5109 കണക്ഷനുകൾ നൽകിയിട്ടുണ്ട്. മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയിൽ 8900 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 2021 ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന വിതരണശൃംഖലയുടെ പണികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള മുഴുവൻ വീടുകളിലും ഗാർഹിക കണക്ഷൻ നൽകുന്നതാണ്.

കുട്ടനാട് പാക്കേജ് -ൽ നടപ്പിലാക്കിയ പ്രവൃത്തികൾ

| Sl No | Name Of Works | AS Amount (in Lakhs) | Current status | Expenditure |
|---|---|---|---|---|
| 2021-22 Plan works | | | | |
| 1 | FMP-Mitigation of flood damages desilting and cleaning of Theeyasery pozhi and branch thodu in Aryad Panchayath and Mararikkulam south panchayath. | 28.4 | Work Completed. Completion date : 04.02.2022 | 11.37 |
| 2 | KP- Mitigation of flood damages in Annapura-Chennavelipozhi thodu in Kanichukulangara padasekharam in ward no.2 of Mararikkulam north Panchayath | 32 | Work Completed. Completion date : 15.03.2022 | 2.99 |
| 3 | KP- Mitigation of flood damages Mararikkulam valiya thodu in between Thenamparambu palam to chethi palam in Purakkary padasekharam of Mararikkulam north Panchayath | 44 | Work Completed. Completion date : 03.02.2022 | 13.98 |
| 2022-23 Plan works | | | | |
| 4 | GENERAL-Edavazhikal Padashekaram-1/2022-KP-FMP-Improvement works to Edavazhikal padashekharam in Nehru Trophy ward in Alappuzha Municipality-General Civil Work | 35 | Work ongoing. 86% 1st and part bill submitted | 24.92 |
| 2023-24 Plan works | | | | |
| 5 | Improvement works to Karalakam Padasekharam in Karalakam ward in Alappuzha Municipality. | 10 | Work Completed. Completion date : 29.07.2024 | 7.62 |

| 2023-24 BUDGET SPEECH WORKS | | | | |
|---|---|---|---|---|
| 6 | Improvement works toThayil Kayal padashekharam in Alappuzha municipality. | 90 | Agreement Executed on 19.09.2025 | 0 |
| 7 | Improvement works to Azheekal padashekharam in Alappuzha municipality. | 30 | Tender excess (5.68%) approval required from SE, KDC Kottayam | 0 |
| 2024-2025 Plan works | | | | |
| 8 | Improvement works of Karuveli Padasekharam in Alappuzha Municipality.-General Civil Work | 50 | Agreement Executed- Site handed over on (SHO) 20.07.2025 | 0 |
| NABARD 2022-23 | | | | |
| 9 | Improvements to Perumthuruthukari Padsekharam in Mannanchery Panchayat in Alappuzha Constituency | 625 | SHO on 10/01/2025 | 0 |

2025-26 പ്ലാൻ പ്രൊപ്പോസലിൽ 30 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. 830 ലക്ഷം രൂപയുടെ 5 പ്രവർത്തികൾ ആണ് കുട്ടനാട് പാക്കേജ് കാര്യാലയത്തിന് കീഴിൽ ഇനി പൂർത്തീകരിക്കാൻ ഉള്ളത്.

**ഭൂജല വകുപ്പ്**

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതിയുടെ തരം | ചെലവഴിച്ച തുക | പദ്ധതിയുടെ പുരോഗതി |
|---|---|---|---|---|
| 1. | കെ.എസ്.ഡി.പി, കലവൂർ | ട്യൂബ് വെൽ നിർമ്മാണം | 488250/- | പൂർത്തീകരിച്ചു |
| 2. | കൊമ്മാടി ടാങ്ക് സൈറ്റ്, ആലപ്പുഴ നഗരസഭ | ട്യൂബ് വെൽ നിർമ്മാണം | 836300/- | പൂർത്തീകരിച്ചു |
| 3. | വാർഡ്- 66, ആര്യാട് ഗ്രാമപഞ്ചായത്ത് | ട്യൂബ് വെൽ നിർമ്മാണം | 653895/- | പൂർത്തീകരിച്ചു |
| 4. | കമ്മ്യൂണിറ്റി ഹാൾ, കൈതത്തിൽ, | ട്യൂബ് വെൽ നിർമ്മാണം | 760740/- | പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | ആര്യാട് | | | |
| 5. | വലിയവീട് പമ്പ് ഹൗസ്, മണ്ണഞ്ചേരി | ട്യൂബ് വെൽ നിർമ്മാണം | **711870/-** | പൂർത്തീകരിച്ചു |
| 6. | ഗവ. എച്ച്.എസ്.എസ് കലവൂർ | ട്യൂബ് വെൽ നിർമ്മാണം & പമ്പിംഗ് സ്കീം | **774051/-** | പൂർത്തീകരിച്ചു |
| 7. | പൂങ്കാവ് പള്ളിപ്രദേശം, മാരാരിക്കുളം തെക്ക് | ട്യൂബ് വെൽ നിർമ്മാണം & പമ്പിംഗ് സ്കീം | **915424/-** | പൂർത്തീകരിച്ചു |
| 8. | ഹോംകോ, പാതിരാപ്പള്ളി | ട്യൂബ് വെൽ നിർമ്മാണം | **300950/-** | പൂർത്തീകരിച്ചു |
| 9. | ലൂഥറൻ എച്ച്.എസ്.എസ്, ആര്യാട് | ട്യൂബ് വെൽ നിർമ്മാണം | **395239/-** | പൂർത്തീകരിച്ചു |
| 10. | ലൂഥറൻ എച്ച്.എസ്.എസ്, ആര്യാട് | പമ്പിംഗ് സ്കീം നടപ്പിലാക്കൽ | ഫൈനൽ ബിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു | പൂർത്തീകരിച്ചു |
| 11. | തീരദേശമേഖല, മണ്ണഞ്ചേരി | ട്യൂബ് വെൽ നിർമ്മാണം | | ജല ഗുണനിലവാരം മോശമായതിനാൽ പദ്ധതി ഉപേക്ഷിച്ചു |
| 12. | വാർഡ്- 23, തകിടിവെളി, മണ്ണഞ്ചേരി | കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 78000/- | പൂർത്തീകരിച്ചു |
| 13 | കാട്ടുപ്പുറമ്പ് എസ്.സി.എം.വി.ജി യു.പി.എസ്, ചെട്ടിക്കാട് | ട്യൂബ് വെൽ നിർമ്മാണം | **--** | നിർമ്മാണവേളയിൽ ഉണ്ടായ ഇടിച്ചിൽ മൂലം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ല |

ആലപ്പുഴ ജില്ലാ പഞ്ചായത്ത് അനുവദിച്ച തുക വിനിയോഗിച്ച് ഗവ. ഹൈസ്കൂൾ പൊള്ളേത്തൈ, കലവൂരിൽ ട്യൂബ് വെൽ നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## KIIDC

ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം – 1, ആലപ്പുഴ കനാലിന്റെ ബ്യൂട്ടിഫിക്കേഷൻ - ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം – 2 എന്നീ രണ്ട് പദ്ധതികൾക്കായി ₹108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. കിഫ്ബി ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി ₹96.509 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ നഗരത്തിലെ 9 പ്രധാന കനാലുകളുടെയും 2 ഉപകനാലുകളുടെയും ശുചീകരണവും, ആഴം കൂട്ടലും കൂടാതെ ആലപ്പുഴ-ചേർത്തല കനാലിലെ 9 കലുങ്കുകളുടെയും നിർമ്മാണം എന്നിവയാണ് ഒന്നാം ഘട്ട പദ്ധതി ഘടകങ്ങൾ. ഇതിൽ ആലപ്പുഴ കനാൽ നവീകരണത്തിന്റെ ഒന്നാം ഘട്ട പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ആലപ്പുഴ കനാൽ സൗന്ദര്യവത്കരണം രണ്ടാം ഘട്ട പ്രവർത്തികളിൽ ആലപ്പുഴ ജില്ലയിലെ 55 ഉപകനാലുകൾ, 13km നീളമുള്ള കാപ്പിത്തോട്, 3.5km നീളമുള്ള മടയൻതോട്, എന്നിവയുടെ ചെളി നീക്കം ചെയ്യൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു .കൂടാതെ എ.എസ്. കനാലിന്റെ 2.8 km നീളത്തിൽ സംരക്ഷണ ഭിത്തി കെട്ടുന്ന പ്രവർത്തിയും ഇതിലുണ്ട്. വാടായി കനാലിൽ വെള്ളാപ്പള്ളി ഭാഗത്തും എ.എസ്. കനാലിൽ ആറാട്ടുവഴി, പോപ്പി എന്നി സ്ഥലങ്ങളിൽ ഓരോ ബോക്സ് കൽവെർട്ടിന്റെ നിർമാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ കനാൽ സൗന്ദര്യവത്കരണം രണ്ടാം ഘട്ട പ്രവർത്തികളിൽ ഉൾപ്പെടുത്തി 55 കനാലുകളിൽ മറ്റ് ഏജൻസികൾ പൂർത്തീകരിച്ചതും നിലവിൽ ഇല്ലാത്തതുമായ കനാലുകളും ഒഴിച്ച് ബാക്കി 42 കനാലുകളുടെ ശുചീകരണം പൂർത്തീകരിച്ചു. കാപ്പിത്തോട്,മടയൻതോട് എന്നീ കനാലുകളിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു, എ.എസ്. കനാലിലെ ആറാട്ടുവഴി, പോപ്പി ഭാഗങ്ങളിലെ 2 ബോക്സ് കൽവെർട്ടിന്റെ നിർമ്മാണം നടന്നുവരികയാണ്. വാടയ് കനാലിൽ വെള്ളാപ്പള്ളി ഭാഗത്തെ ബോക്സ് കൽവെർട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 88% പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയ്ക്ക് പുറമെ കിഫ്ബി ധനസഹായത്തോടെ ആലപ്പുഴ ഒന്നാം ഘട്ട തീരദേശ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്ന കാട്ടൂരിൽ (₹72.64 കോടി രൂപ) 34 പുലിമുട്ടുകളുടെ നിർമ്മാണ പദ്ധതി 15.05.2025 ൽ പൂർത്തീകരിച്ചു. 3.16 കിലോമീറ്റർ തീരസംരക്ഷണം ഈ പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. ഇതിന് പുറമെ ആലപ്പുഴ രണ്ടാം ഘട്ട തീരദേശ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്ന കാട്ടൂർ - പൊള്ളത്തൈ ഭാഗത്ത് 9 പുലിമുട്ടുകൾ ഉൾപ്പെടുന്ന പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.